ന്നുള്ള വസ്തുത ശരിയാണ്. അത് പരിഹരിക്കാനുള്ള മാർഗ്ഗം ഗവൺമെന്റ് ഇളവ് ചെയ്ത് കൊടുക്കുക എന്ന രീതിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മലയാള ചലച്ചിത്ര വ്യവസായം നേരിടുന്ന പ്രതിസന്ധി സിനിമാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ ബുദ്ധിപരമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. അങ്ങനെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. സിനിമാ നിർമ്മാണവും കേരളത്തിൽ നിലനിൽക്കുന്ന ഭൗതിക യാഥാർത്ഥ്യങ്ങൾക്ക് പറ്റിയ രീതിയിൽ അച്ചടക്കം നിലനിറുത്തി നടത്തേണ്ടതുണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടിയതും കാര്യക്ഷമവുമായ മാനേജുമെന്റിലൂടെ മാത്രമേ മലയാള സിനിമാ വ്യവസായം തകരാതെ പിടിച്ചുനിറുത്താനാവൂ. ഈ വ്യവസായത്തെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾക്കും തൊഴിൽ ചെയ്യുന്നവർക്കും സുരക്ഷിതത്വമുണ്ടാക്കാനും കഴിയൂ. അച്ചടക്കവും യാഥാർത്ഥ്യ ബോധവും നിലനിറുത്തിയാൽ പ്രതിബന്ധങ്ങൾ ഏറെയാണെങ്കിൽ പോലും വ്യവസായം തകരുകയില്ല. സിനിമയുടെ ചെലവ് വർദ്ധിച്ചിട്ടുള്ളതു പോലെ സിനിമാടിക്കറ്റിന്റെ വിലയും വർദ്ധിച്ചിട്ടുണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടി സിനിമ നിർമ്മിക്കാൻ കഴിയുമെങ്കിൽ സിനിമാനിർമ്മാണം ലാഭകരമാക്കാൻ കഴിയും. സൂപ്പർ താരങ്ങളുടെ പ്രതിഫല വർദ്ധനവ്, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വിദേശ സിനിമകളുടെ അതിപ്രസരം, അനധികൃത വീഡിയോ ചലച്ചിത്ര നിർമ്മാണവും പ്രദർശനവും തുടങ്ങിയ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ സർക്കാരിന് അറിവുള്ളതാണ്. സിനിമാവ്യവസായത്തിലെ തൊഴിലാളികൾക്ക് ജോലിസ്ഥിരതയില്ലാത്ത അവസ്ഥ സിനിമ വ്യവസായമായി അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ മാറുകയുള്ളൂ. ഈ പ്രശ്നം മുൻനിറുത്തി സംസ്ഥാന ചലച്ചിത്ര അക്കാദമി ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. വിനോദനികുതി സംബന്ധിച്ച കാര്യങ്ങൾ സാംസ്ക്കാരിക വകുപ്പ് അല്ല കൈകാര്യം ചെയ്യുന്നത്. എങ്കിലും അത്യന്തം ഗൗരവകരമായിട്ടുള്ള പ്രശ്നങ്ങളിലേയ്ക്കാണ് ബഹുമാനപ്പെട്ട അംഗം വിരൽ ചൂണ്ടിയിരിക്കുന്നത്. യാഥാർത്ഥ്യബോധത്തോടെ അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളെല്ലാം ഗൗരവത്തോടെതന്നെ ഈ ഗവൺമെന്റ് പരിശോധിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അദ്ദേഹത്തിന്റെ മാത്രം വകുപ്പിനകത്തു വരുന്നതല്ല, ധനകാര്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൂടി യോജിച്ചാൽ മാത്രമേ ഇതിലെ പ്രധാനപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയൂ എന്നു പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെയും സാംസ്കാരിക വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചലച്ചിത്ര വ്യവസായത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഈ വ്യവസായത്തോട് താൽപര്യമുള്ളവരുടെ സംഘടനകളെ-അമ്മ തുടങ്ങിയ സംഘടനകളെ വിളിച്ചു ചേർത്ത് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇക്കാര്യം ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

III. സബ്മിഷൻ

(1) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, സംസ്ഥാന സർക്കാർ സർവ്വീസിലുള്ള വികലാംഗ ജീവനക്കാരുടെ ചില പ്രശ്നങ്ങളാണ് ഞാൻ ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു കോൺഗ്രസിതര സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ 1978-ൽ കേന്ദ്ര സർവ്വീസിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തി. നമ്മുടെ സംസ്ഥാനത്ത് ഇരുപത്തിനാലായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന വികലാംഗ ജീവനക്കാരുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവർ ആയിരത്തോളം വരും. 1975 ജനുവരി ഒന്നു മുതൽ മാർച്ച് മുപ്പത്തി ഒന്നു വരെ ജോലി ചെയ്തവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തു കയുണ്ടായി. വികലാംഗ വർഷം പ്രമാണിച്ച് 1981 ജനുവരി ഒന്നു മുതൽ ഡിസംബർ മുപ്പത്തി ഒന്നുവരെയുള്ള കാലയളവിൽ ഒരു ദിവസം ജോലി ചെയ്തവരെപ്പോലും സ്ഥിരപ്പെടുത്തുകയുണ്ടായി. അവർ അയ്യായിരത്തിലധികം വരും. 1982 ജനുവരി ഒന്നു മുതൽ 1984 ജനുവരി അഞ്ചു വരെയുള്ള കാലയളവിൽ ഒരു വർഷം സർവ്വീസിലുണ്ടായിരുന്നവരെയും സ്ഥിരപ്പെടുത്തു കയുണ്ടായി. 'സാർക്' വർഷം പ്രമാണിച്ച് 1994 ജൂലായ് അഞ്ചു മുതൽ 1995 ജൂലായ് 31 വരെ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തുകയുണ്ടായി. ഇങ്ങനെ സ്ഥിരപ്പെടുത്തപ്പെട്ടവർ രണ്ടായിരത്തോളം വരും. 40% ഡിസ്എബിലിറ്റിയുള്ള വരെയാണ് സ്ഥിരപ്പെടുത്തുന്നത്. സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 1997 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ളവരെ ആദ്യവും 98 ജനുവരി ഒന്നു മുതൽ ഓഗസ്റ്റ് 14 വരെയുള്ളവരെ രണ്ടാമതും സ്ഥിരപ്പെടുത്തു കയുണ്ടായി. ഈ നിലയിൽ മൂവായിരത്തോളം ആളുകളെ സ്ഥിരപ്പെടുത്തി. 50-ാം വാർഷികത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 1998 ഡിസംബർ 31 വരെ രണ്ടു വർഷക്കാലയളവിലുള്ളവരെ പൂർണ്ണമായും സ്ഥിരപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1998-ലാണ് സംസ്ഥാന സർക്കാർ ജീവനക്കാരിൽ മൂന്നു ശതമാനം വികലാംഗർ ഉണ്ടാകണമെന്ന് തീരുമാനിച്ചത്. ജില്ലാ കളക്ടർ ചെയർമാനായി ഒരു ഏഴംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മൂന്നു ശതമാനം റിസർവേഷൻ അവർക്ക് ലഭിക്കുന്നില്ല. താൽക്കാലികമായി പലരും ജോലി നോക്കി ഒരവസരം ലഭിക്കാൻ കഴിയാത്ത ആളുകളാണ്. 98 ജനുവരി ഒന്നു മുതലുള്ള മുഴുവൻ ആളുകൾക്കും സ്ഥിരമായി നിയമനം കൊടുത്തുകൊണ്ട് ബാക്ക് ലോഗ് നികത്തണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതിന് അവർക്ക് ഒരവസരം കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി എൻ.കെ. രാധയും ഇതു സംബന്ധിച്ച് ഒരു നോട്ടീസ് തന്നിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന റൂൾ 9(1) പ്രകാരം 1.1.97 മുതൽ 31.12.97 വരെ താൽക്കാലികമായി നിയമനം ലഭിച്ച വികലാംഗ ജീവനക്കാരെ ചില നിബന്ധനകൾക്കു വിധേയമായി ആ ജോലിയിൽ തുടരുന്നതിന് പുനർനിയമനം നൽകാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൽ നിന്നും നമ്പർ 32798/പി. ആന്റ്.എ.ആർ.ഡി. പ്രകാരം 28.9.98-ൽ ഉത്തരവു പുറപ്പെടുവിച്ചു. എന്നാൽ സുവർണ്ണ ജൂബിലി സമാപിച്ചത് 98 ജൂലൈ 14-നാണെന്നുള്ളതിനാൽ 28.9.98-ലെ ഉത്തരവിന്റെ ആനുകൂല്യം 14.7.98 വരെ താൽക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗർക്കു കൂടി ബാധകമാക്കി. ജി.ഒ.(പി) 10/99/പി.ആന്റ് എ. ആർ.ഡി. പ്രകാരം 17.5.99-ൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കൂട്ടരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പി.എസ്.സി.യുടെ പരിഗണനയ്ക്കു ശേഷം വിശദമായി പരിശോധിച്ച് തീരുമാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly